കാറ്റിൽ ബ്രീഡിങ്ങ് ഫാം
കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
തുമ്പൂർമുഴി, അതിരപ്പിള്ളി റോഡ്, കൊന്നക്കുഴി പി.ഒ,
തൃശ്ശൂർ ജില്ല, കേരള – 680 721
ഫോൺ: 9188006265 ഇ–മെയിൽ : cbft@kvasu.ac.in

നം : സി ബി എഫ് /സി/975/2018

തീയതി : 07/11/2025

## ടെൻഡർ നോട്ടീസ്

ഈ ഫാമിലെ വിവിധ ആവശ്യങ്ങൾക്കായി കരാറടിസ്ഥാനത്തിൽ പിക് അപ് വാൻ/ട്രാക്ടർ - ട്രെയ്‌ലർ / ടിപ്പർ, മിനിമം 2 ടൺ ഭാരം വഹിക്കാൻശേഷിയുള്ളവ, (ഡ്രൈവർ സഹിതം) ആവശ്യമുണ്ട്. ആയതിനു താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വാഹന ഉടമസ്ഥരിൽ നിന്നും ടെൻഡർ ക്ഷണിച്ചുകൊള്ളുന്നു.

### നിബന്ധനകൾ

1. വാഹനം ഫാം സൂപ്പർവൈസർ/ ഫാം മേധാവി ചുമതലപ്പെടുത്തുന്ന ഓഫീസർ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ, രാവിലെ 8 മണി മുതൽ വൈകീട്ട് 4 മണി വരെ ആവശ്യമാണ്. ലോഡ് എടുക്കുന്ന സമയവും അത് അൺലോഡ് ചെയ്യുന്ന സമയവും ഇതിൽ ഉൾപ്പെടുന്നു. ഏകദേശം 15 കി.മീ. ദൂരമാണ് വാഹനം ഒരു ദിവസം ഓടേണ്ടത്. എന്നാൽ ഇതിനിടയ്ക്കുവച്ച് യാതൊരു കാരണവശാലും വാഹനം വിട്ട് നൽകുന്നതല്ല.

2. കരാറിന്റെ കാലാവധി കരാർ അംഗീകരിക്കുന്ന തീയതി മുതൽ 12 മാസം വരെയോ, ഫാമിന് പുതിയ വാഹനം ലഭ്യമാകുന്നതുവരെയോ ഏതാണോ ആദ്യം, അന്ന് വരെയായിരിക്കും.

3. സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉള്ള ആളെ മാത്രമേ വാഹനം ഓടിക്കാൻ നിയോഗിക്കാൻ അനുവദിക്കുകയുള്ളു. മദ്യപിച്ച് വാഹനം ഓടിക്കാൻ പാടുള്ളതല്ല.

4. വാഹനത്തിന് ആവശ്യമായ എല്ലാ രേഖകളും (ഇൻഷുറൻസ്, ഫിറ്റ്നസ്സ്, രജിസ്ട്രേഷൻ തുടങ്ങിയവ) ഉണ്ടായിരിക്കണം. കരാർ വാഹനത്തിന്റെ അറ്റകുറ്റപണികളുടെ ചിലവ് കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്; ജോലിക്കിടെ വാഹനം പ്രവർത്തന രഹിതമായാൽ ഫാമിലെ ജോലികൾക്ക് തടസ്സം വരാത്ത രീതിയിൽ പകരം സംവിധാനം കരാറുകാരൻ ലഭ്യമാക്കേണ്ടതാണ്.

5. ടെൻഡറിൽ രേഖപ്പെടുത്തുന്ന നിരക്ക് കരാർ കാലയളവിൽ ഒരു കാരണവശാലും മാറ്റം വരുത്താൻ പാടുള്ളതല്ല.

6. ടെൻഡർ സ്വീകരിക്കുന്നത്/റദ്ദാക്കുന്നതിന്റെ പൂർണ്ണ അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

7. ടെൻഡർ ലഭിച്ചയാൾ 200/- രൂപയുടെ മുദ്രപത്രത്തിൽ കരാറെഴുതി ഒപ്പിടേണ്ടതാണ്. ടെണ്ടറുകൾ സമർപ്പിക്കുന്നവർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചാലക്കുടി ബ്രാഞ്ച്, തൃശൂർ എന്ന വിലാസത്തിൽ മാറാവുന്ന തരത്തിൽ പ്രൊഫസർ & ഹെഡ്, കന്നുകാലി പ്രജനനകേന്ദ്രം, തുമ്പൂർമുഴി, കൊന്നക്കുഴി പി.ഒ, തൃശൂർ -680721 എന്ന വിലാസത്തിൽ ഡിഡി എടുത്ത് ടെൻഡർ സമർപ്പിക്കണം. ടെൻഡർ ഫോം, ഇ.എം.ഡി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| Sl No. | ഇനം | ടെൻഡർ ഫോമിന്റെ വില | ഇ.എം.ഡി |
|---|---|---|---|
| 1 | പിക് അപ് വാൻ/ട്രാക്ടർ ട്രെയ് ലർ/ടിപ്പർ (ഡ്രൈവർ സഹിതം) | 956/- രൂ (810+18% ജി . എസ് . ടി ) | 10000/- രൂ . |

8. വാഹനത്തിന്റെ ഡ്രൈവർ ബന്ധപ്പെട്ട ഫാം സൂപ്പർവൈസറുടെ / ഫാം മേധാവി ചുമതലപ്പെടുത്തുന്ന ഓഫീസറുടെ നിർദ്ദേശാനുസരണം ജോലി ചെയ്യേണ്ടതാണ്.ഫാമിലെ തൊഴിലാളികളുടെ ജോലി സമയം പുന ക്രമീകരണം നടത്തുന്ന സാഹചര്യങ്ങളിൽ ഫാം സുപ്പർവൈസറുടെ / ഫാം മേധാവിയുടെ നിർദ്ദേശാനുസരണം പുനർസമയക്രമത്തിനനുസരിച്ച് വാഹനം ലഭ്യമാക്കേണ്ടതാണ്.

9. ടെൻഡറിൽ പങ്കെടുക്കുന്നതിനായി **10000/- രൂപ** നിരതദ്രവ്യം ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

10. താഴെ കൊടുക്കുന്ന മാതൃകയിൽ ടെൻഡർ സമർപ്പിക്കേണ്ടതാണ്.

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല, കന്നുകാലി പ്രജനന കേന്ദ്രം, തുംബൂർമുഴിയിലെ ഫാമിലെ വിവിധ പ്ലോട്ടുകളിൽനിന്ന് പുല്ല് ഷെഡുകളിൽ എത്തിക്കുക, ചാണകം വിവിധ ഷെഡുകളിൽ നിന്നും ഫാമിലെ വിവിധ പ്ലോട്ടുകളിൽ എത്തിക്കുക തുടങ്ങിയവ നിർവ്വഹിക്കുന്നതിന് കിലോമീറ്ററിന് താഴെ പറയുന്ന നിരക്കിൽ, പിക് അപ് വാൻ/ട്രാക്ടർ ട്രെയ് ലർ/ടിപ്പർ (ഡ്രൈവർ സഹിതം) രാവിലെ 8 മണി മുതൽ വൈകിട്ട് 4 മണി വരെ വിട്ട് നൽകുന്നതിന് എനിക്ക് സമ്മതമാണ്. വാഹനത്തിന്റെ ദൈനംദിന വാടക, കിലോമീറ്റർ അനുസരിച്ച് താഴെ നൽകുന്നു.

1. പുല്ല് കൊണ്ടുവരുന്നതിനുമാത്രം

| പ്രതിദിന വാടക<br>(15 കിലോമീറ്ററിന് താഴെ വരെ) | അധികരിക്കുന്ന ഓരോ<br>കിലോമീറ്ററിനുള്ള നിരക്ക് |
|---|---|
| | |

2. ദിവസവും പുല്ല് കൊണ്ടുവരുന്നതിനും ആഴ്ചയിൽ രണ്ടു പ്രാവശ്യം ചാണകം കൊണ്ടുപോകുന്നതിനും

| പ്രതിദിന വാടക<br>(15 കിലോമീറ്ററിന് താഴെ വരെ) | അധികരിക്കുന്ന ഓരോ<br>കിലോമീറ്ററിനുമുള്ള നിരക്ക് |
|---|---|
| | |

പേര്

അഡ്രസ്സ്

മൊബൈൽ നമ്പർ

ഒപ്പ്

11. ടെൻഡറുകളിലെ നിരക്കുകൾ മൊത്തമായും വെവ്വേറെയും പരിശോധിച്ചു സർവ്വകലാശാലയ്ക്ക് മൊത്തത്തിൽ ഏറ്റവും കുറഞ്ഞ ചെലവ് വരുന്ന ടെൻഡർ മാത്രമേ സ്വീകരിക്കുകയുള്ളൂ.

12. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി **20/11/2025 കാലത്ത് 11 മണി വരെ** ആയിരിക്കും. ലഭിക്കുന്ന ടെൻഡർ അന്നേ ദിവസം കാലത്ത് 11.30 ന് അപ്പോൾ ഹാജരാകുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിച്ച് ഏറ്റവും കുറഞ്ഞ നിരക്കിൽ രേഖപ്പെടുത്തിയ തുകയ്ക്ക് ടെൻഡർ ഉറപ്പിയ്ക്കുന്നതാണ്. ടെൻഡർ ഉറപ്പിച്ച് നൽകുന്ന വ്യക്തി 7 ദിവസത്തിനകം 20,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ്, 200/- രൂപയുടെ മുദ്രപത്രത്തിലെഴുതിയ കരാർ എന്നിവ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടെൻഡർ അയയ്ക്കേണ്ട വിലാസം താഴെ കൊടുക്കുന്നു.

"പ്രൊഫസർ & ഹെഡ്
കന്നുകാലി പ്രജനന കേന്ദ്രം, തുംബൂർമുഴി".

13. ടെൻഡറുകൾ നിശ്ചിത ഫോമിലായിരിക്കണം. മുകളിൽ പറഞ്ഞിരിക്കുന്ന വില അടച്ചാൽ ടെൻഡർ ഫോം ഓഫീസിൽ നിന്നും ലഭിക്കും .

14. ടെൻഡർ ഫോമുകൾ <u>www.kvasu.ac.in എന്ന</u> സർവകലാശാല വെബ്സൈറ്റിൽ

നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ ടെണ്ടർ ചെയ്യുന്നയാൾ ടെൻഡർ ഫോമിന്റെ വിലയായി 956/- രൂപയുടെ ഡി ഡി യും ഇ.എം.ഡി യുടെ വിലയായി 10000/- രൂപയുടെ മറ്റൊരു ഡി ഡി യും ടെൻഡറിനൊപ്പം വയ്ക്കേണ്ടതാണ് .

15. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ടെൻഡറുകൾ, ടെണ്ടർ ഫോമിന്റെ വിലയായി രസീത് വയ്ക്കാത്ത ടെൻഡറുകൾ, ഇ.എം.ഡി യുടെ രശീത് വയ്ക്കാത്ത ടെൻഡറുകൾ, പേരെഴുതി ഒപ്പ് വയ്ക്കാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്

16. ടെൻഡർ ലഭിച്ചയാൾ കരാറിൽ വീഴ്ച വരുത്തിയാൽ അടുത്ത കുറഞ്ഞ ടെൻഡർ വച്ചയാൾക്ക് ടെൻഡർ നൽകുന്നതും നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടുന്നതുമാണ്.

17. ടെൻഡർ അയക്കുന്ന കവറിനു പുറത്ത് "ഫാമിലെ വിവിധ പ്ലോട്ടുകളിൽനിന്ന് പുല്ല് ഷെഡുകളിലേക്ക് എത്തിക്കുന്നതിനും; വിവിധ ഷെഡുകളിൽ നിന്നും ചാണകം ഫാമിലെ വിവിധ പ്ലോട്ടുകളിലേക്ക് എത്തിക്കുന്നതിനുമുള്ള ടെൻഡർ" എന്ന് രേഖപ്പെടുത്തിയിരിക്കണം

18. ടെൻഡർ ലഭിക്കുന്ന ആൾ നിയമാനുസൃത വരുമാന നികുതി (Income Tax) അടയ്ക്കാൻ ബാധ്യസ്ഥനാണ്. വരുമാന നികുതി കുറച്ചുള്ള തുക മാത്രമേ ബില്ലിൽ അനുവദിക്കുകയുള്ളു.

19. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമാണ്

ഒപ്പ്/-
പ്രൊഫസർ & ഹെഡ്

കോപ്പികൾ: നോട്ടീസ് ബോർഡ്/ സർവ്വകലാശാല വെബ്സൈറ്റ് /ലോക്കൽ ഗവണ്മെന്റ് ഓഫീസ്/സീനിയർ ഫാം സൂപ്പർവൈസർ

//അംഗീകാരത്തോടെ അയയ്ക്കുന്നത് //

അസിസ്റ്റന്റ് രജിസ്ട്രാർ